**<u>തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>**
**<u>ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം</u>**
**<u>ടൗൺപ്ലാനറുടെ നടപടിക്രമം.</u>**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം,തിരുവനന്തപുരം - തിരുവനന്തപുരം നഗരസഭ - ഉളിയാഴത്തുറ, പാങ്ങപ്പാറ വില്ലേജിലുകളിൽ ഉൾപ്പെടുന്ന 632.49 ആർ സ്ഥലത്ത് - ചെമ്പഴന്തി S. N College കോമ്പൗണ്ടിൽ നിലവിലുളള കെട്ടിടങ്ങളോട് ചേർന്ന് ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിന് - ലേ ഔട്ടിനും, സ്ഥലത്തിൻറെ ഉപയോഗത്തിനും - അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:-
1. തിരുവനന്തപുരം നഗരസഭയുടെ 25.09.2021 ലെ SZO/TP/433/21 നമ്പർ കത്ത്(മുൻഫയൽ നമ്പർ: TCPTVM/1251/2021-D)
2. Principal Sree Narayana College, Chempazhanthy-യുടെ 27.01.2022 22.02.2022 എന്നീ തീയതികളിലെ അപേക്ഷകളും ഉള്ളടക്കവും.

**ഉത്തരവ് നമ്പർ: TCPTVM/140/2022-D, തീയതി 04/03/2022**

തിരുവനന്തപുരം നഗരസഭയിൽ ഉളിയാഴത്തുറ വില്ലേജിൽ ഉൾപ്പെടുന്ന റീസർവ്വേ നമ്പർ 475/2,475/6, പാങ്ങപ്പാറ വില്ലേജിൽ ഉൾപ്പെടുന്ന റീസർവ്വേ നമ്പർ 460/2, 460/6, 460/7, 460/12, 456/5, 461/2, 461/5, 463/1, 448/1 എന്നിവയിൽ ഉൾപ്പെട്ട 632.49 ആർ സ്ഥലത്ത് ചെമ്പഴന്തി S. N College കോമ്പൗണ്ടിൽ 14737.65 ച:മീ വിസ്തൃതിയുള്ള നിലവിലുളള കെട്ടിടത്തോട് ചേർന്ന് 350 ച:മീ വിസ്തൃതിയിൽ ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിന് കോളജ് പ്രിൻസിപ്പൽ Dr. Anil Kumar സൂചന (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി KMBR-2019 ചട്ടം 30 പ്രകാരം കെട്ടിടങ്ങളുടെ ലേ ഔട്ടിനും, സ്ഥലത്തിൻറെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു

**<u>നിബന്ധനകൾ:-</u>**

1. നിർമ്മാണം KMBR- 2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം .
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തണം.
3. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പു വരുത്തിയിരിയ്ക്കണം.
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008 - ലെ നെൽവയൽ തണ്ണീർത്തട നിയമം/അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. നിർദ്ദിഷ്ട ലേഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം. പ്രസ്തുത ലേ -

ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് ( മഴവെള്ളം / മലിനജലം ) പരിസരവാസികൾക്ക് ദോഷമുണ്ടാക്കരുത്.

8. ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴ വെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
9. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിംഗ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിംഗിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
10. ചട്ടപ്രകാരം ആവശ്യമായ പ്രവേശന വീതി 7 m ലഭ്യമാകുന്ന രീതിയിൽ Gate, Arch എന്നിവ ക്രമീകരിക്കേണ്ടതാണ്. നിർദ്ദിഷ്ട കെട്ടിടത്തിനും ചട്ടപ്രകാരമുള്ള access നൽകേണ്ടതാണ്.
11. KMBR 2019 ചട്ടം 42 പ്രകാരം differently abled –ന്റ ആവശ്യമായ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
12. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ / സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിയ്ക്കരുത്.
13. KMBR2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
14. സൈറ്റിലുള്ള എല്ലാ കെട്ടിടങ്ങളും അംഗീകൃതങ്ങളാണോ എന്ന് നഗരസഭ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമാനുസൃതമായി ക്രമവൽക്കരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**09/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

**ANJU W.C**
**DEPUTY TOWN PLANNER**
TOWN PLANNER (i/c)

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ.

പകർപ്പ്: അപേക്ഷകൻ(അറിവിലേയ്ക്കായി)

1) Dr. Anil Kumar,
Principal in charge, S.N. College, Chempazhanthy.
2) കരുതൽ ഫയൽ.
3) ഫയൽ.